# മൂലകോശ ദാന സന്നദ്ധതയുമായി മംഗളം എൻജിനീയറിങ് വിദ്യാർഥികൾ

ഏറ്റുമാനൂർ: മൂലകോശം മാറ്റിവയ്ക്കലിലൂടെ മാത്രം രോഗമുക്തി സാധ്യമാകുന്ന ലുക്കീമിയ, താലസ്സീമിയ തുടങ്ങിയ രക്തസംബന്ധമായ മാരക രോഗങ്ങൾക്ക് മൂലകോശം ദാനം ചെയ്യാൻ സന്നദ്ധരായി നാനൂറിൽപരം എൻജിനീയറിങ് വിദ്യാർഥികൾ.

മംഗളം കോളജ് ഓഫ് എൻജിനീയറിംങ് എൻ.എസ്.എസ്. യൂണിറ്റിന്റെയും മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ സ്റ്റെം സെൽ ഡോണർ ക്യാമ്പിലാണ് ഇത്രയും വിദ്യാർഥികൾ മൂലകോശദാനത്തിനു സന്നദ്ധത അറിയിച്ച് ദാതാക്കളായി രജിസ്റ്റർ ചെയ്തത്. ചുരുക്കം വ്യക്തികളുടെ മൂലകോശങ്ങളാണ് രോഗികൾക്ക് ചേരാറുള്ളത് എന്നതിനാൽ ദാതാക്കളെ ലഭിക്കുക പൊതുവെ ബുദ്ധിമുട്ട് ആണെന്നിരിക്കെ പുതുതലമുറ കരുണയുടെ വാതിലുകൾ തുറന്നിട്ടെത്തിയത് ശ്രദ്ധേയമായി.

ദാത്രി ഡോണർ ഡ്രൈവ് കോ-ഓർഡിനേറ്ററും കേരളത്തിലെ ആദ്യ മൂലകോശ ദാതാവുമായ എബി സാം വിദ്യാർഥികൾക്ക് ക്ലാസുകളെടുത്തു.